# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.697** **04.11.2016 ൽ മറുപടിക്ക്**

## വിദ്യാർത്ഥികൾക്കെല്ലാം യൂണിഫോം

ചോദ്യം

ശ്രീ.ആർ.രാജേഷ്
" ആൻറണി ജോൺ
" ശ്രീമതി.പി.അയിഷാ പോറ്റി
ശ്രീ.കെ.ആൻസലൻ

**ഉത്തരം**

പ്രൊഫ സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

എ) നിലവിൽ ഏതൊക്കെ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കാണ് യൂണിഫോം സൗജന്യമായി നൽകുന്നതെന്നും അതിന് അനുവർത്തിച്ചിരിക്കുന്ന രീതിയും അറിയിക്കാമോ;

നിലവിൽ (2016-17 അദ്ധ്യയനവർഷം) 1 മുതൽ 8 വരെ ക്ലാസ്സുകളിലെ മുഴുവൻ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും സർക്കാർ/എയ്ഡഡ് സ്കൂൾ വ്യത്യാസമില്ലാതെ സൗജന്യമായി സ്കൂൾ യൂണിഫോം നൽകി വരുന്നുണ്ട്.ഇതിനായി 400/- രൂപ നിരക്കിൽ പണമായിട്ടാണ് വിതരണം ചെയ്യുന്നത്.

ബി) പലപ്പോഴും സ്കൂൾ വർഷം കഴിയാറാകുമ്പോൾ ആണ് യൂണിഫോം ലഭിച്ചിരുന്നതെന്നും അവ തന്നെ നിലവാരമില്ലാത്തതായിരുന്നെന്നുമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിരുന്നോ;

ബി) സാധാരണയായി സ്കൂൾ യൂണിഫോമിനായി 400/- രൂപ നിരക്കിൽ പണമായിട്ടാണ് വിതരണം ചെയ്യുന്നത്. ആയതിനാൽ നിലവാരമില്ലാത്ത തുണിയാണ് സ്കൂൾ യൂണിഫോം ആയി നൽകുന്നത് എന്നത് വസ്തുതയല്ല.

സി) തുണിയുടെ ഗുണനിലവാരം ഉറപ്പാക്കാനും അവ യഥാസമയം ലഭ്യമാക്കാനും വേണ്ട നടപടിയുണ്ടാകുമോ;

സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

ഡി) എട്ടാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്കെല്ലാം യൂണിഫോം സൗജന്യമായി നൽകുന്ന പദ്ധതി ആയിരങ്ങൾക്ക് തൊഴിൽ നൽകുന്ന കൈത്തറി വസ്ത്ര മേഖലയ്ക്ക് കൂടി പ്രയോജനമാകുന്ന രീതിയിൽ നടപ്പിലാക്കുമോ?

ഡി) അടുത്ത അദ്ധ്യയനവർഷം (2017-18) മുതൽ 1 മുതൽ 5 വരെ ക്ലാസുകളിലെ കുട്ടികൾക്ക് കൈത്തറി തുണി ഉപയോഗിച്ചുകൊണ്ടുള്ള സ്കൂൾ യൂണിഫോം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയാണ്.
1 മുതൽ 8 വരെ ക്ലാസുകളിലെ മുഴുവൻ കുട്ടികൾക്കും കൈത്തറി തുണി വിതരണം ചെയ്യുന്നതിനാവശ്യമായ കൈത്തറി മില്ലുകളുടെ അപര്യാപ്തത മൂലം തുടക്കത്തിൽ 1 മുതൽ 5 വരെ ക്ലാസുകളിലെ കുട്ടികൾക്ക് മാത്രം 2017-18 അദ്ധ്യയനവർഷത്തിൽ കൈത്തറി തുണി ഉപയോഗിച്ചുകൊണ്ടുള്ള സ്കൂൾ യൂണിഫോമും 6 മുതൽ 8 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് 400/- രൂപ നിരക്കിൽ പണമായി യൂണിഫോമിനുള്ള തുക വിതരണം ചെയ്യുന്നതിനുമാണ് തീരുമാനിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ